Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

8.6.2016

All Kerala Press Release
*Ref: 537KCBC/K-6/KPR/DS*

**കേരളത്തിലെ കത്തോലിക്കാമെത്രാന്മാരുടെ പൊതുസമിതിയായ കെസിബിസിയുടെ വർഷകാലസമ്മേളനം ജൂൺ 6 മുതൽ 8 വരെ പിഒസിയിൽ വച്ച് നടന്നു. സമ്മേളനം ചർച്ച ചെയ്ത വിഷയങ്ങളുടെ അടിസ്ഥാനത്തിൽ മുമ്പോട്ടുവയ്ക്കുന്ന നിർദേശങ്ങൾ:**

**1. കുടുംബം**

കുടുംബങ്ങളുമായി ബന്ധപ്പെട്ട സഭയുടെ ശുശ്രൂഷകൾ കാലാനുസൃതവും കരുണാപൂർണവുമാകണം. സങ്കീർണമായ സാഹചര്യങ്ങളിലും കാരുണ്യം വെടിയാതിരിക്കാൻ സഭാശുശ്രൂഷകർ ജാഗ്രത പുലർത്തുകയും വേണം. മറ്റുള്ളവരുടെ മനസ്സാക്ഷിക്കു പകരം നില്ക്കാനല്ല നല്ല മനസ്സാക്ഷി രൂപീകരിക്കുന്നതിൽ മറ്റുള്ളവരെ സഹായിക്കാനും ക്രിസ്തുമാർഗത്തിൽ നടക്കാൻ അവരോടൊപ്പം നടന്നു സഹായിക്കാനുമാണ് സഭാശുശ്രൂഷകർ ശ്രദ്ധിക്കേണ്ടത്. ഫ്രാൻസിസ് പാപ്പായുടെ 'സ്നേഹത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ വെളിച്ചത്തിൽ കേരളത്തിലെ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയം ചർച്ച ചെയ്യുകയായിരുന്നു കെസിബിസി.

**2. യോഗാദിനം**

ജൂൺ 21-ന് നടക്കുന്ന അന്തർദേശീയ യോഗാദിനത്തോടനുബന്ധിച്ച്, ആയുഷ് മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖയിലെ നിർദേശങ്ങൾ പുനഃപരിശോധിക്കണം. കേന്ദ്രസർക്കാരിന്റെ ഭാഗമായ ഒരു മന്ത്രാലയം യോഗാപരിശീലനത്തിന്റെ ഭാഗമായി ഒരു പ്രത്യേക മതത്തിന്റെ ആചാരങ്ങളും പ്രാർത്ഥനാരീതികളും മറ്റും എല്ലാവർക്കും ബാധകമാക്കി നടപ്പാക്കാൻ ശ്രമിക്കുന്നത് യോഗാപരിശീലനത്തെ അനാവശ്യ വിവാദങ്ങളിലേക്കു നയിക്കും. ശരീരത്തിന്റെയും മനസ്സിന്റെയും അച്ചടക്കത്തിലൂടെ ഏകാഗ്രതയും ഉന്മേഷവും വർധിപ്പിക്കുന്നതിന് യോഗാ പ്രയോജനകരമാണെങ്കിലും, അതിനെ ഒരു ആധ്യാത്മിക സാധനയായും മോക്ഷമാർഗമായും അവതരിപ്പിച്ച് പൊതുവിദ്യാലയങ്ങളിലും, സർക്കാർ സ്ഥാപനങ്ങളിലും നടപ്പാക്കാനുള്ള സർക്കാരിന്റെ ശ്രമം ഭാരതത്തിന്റെ മതേതര ചൈതന്യത്തിനു ചേർന്നതല്ല.

**3. ഭവനനിർമ്മാണം**

കേരളത്തിൽ ഭവനരഹിതരുടെ എണ്ണം 7.1 ലക്ഷമാണ്. സർക്കാരിന്റെ തന്നെ കണക്കനുസരിച്ച് ഇതിൽ 3.72 ലക്ഷം പേർ സ്വന്തമായി ഭൂമിയുള്ളവരും 3.33 ലക്ഷം പേർ സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവരുമാണ്. കൂടാതെ 5.5 ലക്ഷം വീടുകൾ വാസയോഗ്യമല്ലാത്തവിധം തകർന്നവയുമാണ്. ഏകദേശം 12 ലക്ഷം വരുന്ന ഈ വീടുകളുടെ നിർമ്മാണത്തിന് കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായും ജനകീയ സംഘടനകളുമായും സഹകരിച്ച് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും. ഇക്കാര്യത്തിൽ

PRESIDENT
CARDINAL BASELIOS CLEEMIS
Major Archbishop - Catholicos
Major Archbishop's House,
Pattom, Trivandrum 695 004
Tel: +91-471-2541642, 2543449, Fax: 2541635
E-mail: bcleemis@gmail.com

VICE-PRESIDENT
MAR JOSEPH PERUMTHOTTAM
Archbishop's House,
Changanacherry 686 101
Tel: +91-481-2420040, 2420289, Fax: 2422540
E-mail: bpperumthottam@yahoo.co.in

SECRETARY GENERAL
BISHOP JOSEPH KARIYIL
Bishop's House, Fort Kochi
Kochi 682 001
Tel: +91-484-2215401, 2215402, Fax: 2215464
E-mail: josephkariyil@gmail.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi 682 025
Tel: +91-484-2805722, 2805815, Fax: 2806214
E-mail: vallikatt@gmail.com

കത്തോലിക്കാസഭയിലെ രൂപതകളുടെയും സന്ന്യാസസമൂഹങ്ങളുടെയും സാമൂഹിക ക്ഷേമ വിഭാഗങ്ങൾക്ക് കാര്യമായ പങ്കുവഹിക്കാനാവും.

**4. ജെ.ജെ. ആക്ട്**

കേന്ദ്ര വനിതാ-ശിശു വികസന കേന്ദ്രമന്ത്രാലയത്തിന്റേതായി 2015-ൽ പാസാക്കിയ ജെ.ജെ. ആക്ടിലെ നിബന്ധനകൾ കുട്ടികൾക്കുവേണ്ടിയുള്ള ഫ്രീ ബോർഡിങ്ങുകളുടെയും ചാരിറ്റിഹോമുകളുടെയും പ്രവർത്തനം ദുഷ്കരമാക്കും. ഇക്കാര്യത്തിൽ സംസ്ഥാനസർക്കാരിന്റെ അടിയന്തിര ശ്രദ്ധയും ഇടപെടലും ഉണ്ടാകണം. ഇത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന സാഹചര്യമുണ്ടായാൽ സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന അനേകം കുട്ടികൾക്കു ലഭിക്കുന്ന സൗജന്യ താമസവും ഭക്ഷണവും മാത്രമല്ല, വിദ്യാഭ്യാസ സൗകര്യങ്ങളും നഷ്ടമാകും.

**5. ദയാവധം**

ദയാവധം ഭാഗികമായി നിയമവിധേയമാക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തിൽ കെസിബിസി ആശങ്ക രേഖപ്പെടുത്തി. മനുഷ്യന്റെ ദുരിതങ്ങൾക്ക് പരിഹാരം കാണേണ്ടത് മനുഷ്യജീവനെ നശിപ്പിച്ചുകൊണ്ടാകരുത്. മനുഷ്യജീവനുനേരെയുള്ള ഏതുതരം കടന്നുകയറ്റവും അധാർമ്മികമാണ്. ഈ നിയമം വൻതോതിൽ ദുരുപയോഗിക്കപ്പെടാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. ദയാവധം ഭാഗികമായോ പൂർണമായോ നിയമവിധേയമാക്കുന്നത് ഭാരതത്തിന്റെ മൂല്യവിചാരങ്ങൾക്കും സഭയുടെ പ്രബോധനങ്ങൾക്കും നിരക്കുന്നതല്ലെന്നും കെസിബിസി അഭിപ്രായപ്പെട്ടു. ജൂൺ 12 ഞായറാഴ്ച ജീവന്റെ സംരക്ഷണദിനമായി ആചരിക്കാൻ കെസിബിസി ആഹ്വാനം ചെയ്തു.

**6. മദ്യം/മയക്കുമരുന്ന്**

സമൂഹത്തിൽ മദ്യത്തിന്റെ ലഭ്യത വർധിപ്പിക്കുകയോ മദ്യ ഉപഭോഗം പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്ന നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകരുതെന്നും, ഇന്ത്യൻ നിർമ്മിത വിദേശമദ്യങ്ങളുടെ വില്പന ഇപ്പോൾ നിരോധിച്ചിട്ടുള്ള ബാറുകളിൽ ഇത്തരം മദ്യത്തിന്റെ വില്പന പുനഃസ്ഥാപിക്കുന്നതിന് സർക്കാർ കൂട്ടുനില്കുകയോ, അനുമതി നല്കുകയോ ചെയ്യരുതെന്നും കെസിബിസി അഭ്യർത്ഥിച്ചു. ഫലപ്രദമായ നിയന്ത്രണത്തിലൂടെയും ബോധവത്കരണത്തിലൂടെയും മദ്യലഭ്യതയും ഉപഭോഗവും കുറച്ചുകൊണ്ടുവരാൻ സർക്കാർ നടപടി സ്വീകരിക്കണം. മയക്കുമരുന്നിന്റെ ഉപയോഗം വർധിക്കുന്നുവെന്നതും നമ്മെ ആകുലരാക്കണം. ഫലപ്രദമായ പ്രതിരോധ-ബോധവത്കരണ പ്രവർത്തനങ്ങൾ നടക്കുന്നു എന്നുറപ്പുവരുത്തണം.

**7. അക്രമം/വർഗീയത**

സമൂഹത്തിൽ വർധിച്ചുവരുന്ന വർഗീയതയും അക്രമവും നിയന്ത്രിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ക്രിയാത്മക നടപടികളുണ്ടാകണം. ജനാധിപത്യമാർഗത്തിലൂടെ മതേതര മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ എല്ലാഭാഗത്തുനിന്നും ഉണ്ടാകണം.

**8. വിദ്യാഭ്യാസം**

എയ്ഡഡ് സ്കൂളുകളിൽ സ്റ്റാഫ് ഫിക്സേഷന്റെ ഭാഗമായുണ്ടാകുന്ന ഒഴിവുകളിൽ, മാനേജുമെന്റുകളുടെ അറിവോ സമ്മതമോ, കൂടാതെ പ്രൊട്ടക്ടഡ് ടീച്ചേഴ്സിനെ നിയമിക്കുന്നതിനുള്ള നീക്കം പ്രതിഷേധാർഹമാണ്. ഇത് സർക്കാരും മാനേജുമെന്റുകളുമായി ഉണ്ടാക്കിയിട്ടുള്ള ധാരണയിലെ വ്യവസ്ഥകളുടെ ലംഘനവും മാനേജുമെന്റിന്റെ അവകാശത്തിന്മേലുള്ള കടന്നുകയറ്റവും, ന്യൂനപക്ഷ അവകാശങ്ങളുടെ ലംഘനവുമാണ്. വിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്ന ഇത്തരം നടപടികൾ പുനഃപരിശോധിക്കാൻ പുതിയ സർക്കാർ തയ്യാറാകണം.

**9. ഫാ. ടോം ഉഴുന്നാലിൽ**

യമനിൽ ഭീകരുടെ തടവിൽ കഴിയുന്ന ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം അനിശ്ചിതമായി നീളുന്നതിൽ കെസിബിസി ആശങ്ക രേഖപ്പെടുത്തി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആത്മാർത്ഥമായ ശ്രമം തുടർന്നും ഇക്കാര്യത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**10. അവയവദാനം**

അവയവദാനം ധീരമായ ഒരു കാരുണ്യ പ്രവൃത്തിയാണ്. ബിഷപ് ജേക്കബ് മുരിക്കന്റെയും മറ്റനേകരുടെയും സമാനമായ പ്രവൃത്തികളെ കത്തോലിക്കാസഭയും കേരളസമൂഹവും വിലമതിക്കുന്നു. ജീവനെയും പ്രകൃതിയെയും സംരക്ഷിക്കാനുള്ള എല്ലാ ശ്രമങ്ങളും വിലമതിക്കപ്പെടേണ്ടതാണ്.

11. കേരള സമുദ്രാതിർത്തിയിൽ വിദേശട്രോളറുകളെ മീൻപിടിക്കാൻ അനുവദിക്കുന്നത് കടലിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥയെയും തന്മൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികളെയും ദോഷകരമായി ബാധിക്കും. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉചിതമായ നടപടിയുണ്ടാകണം.

12. റബ്ബർകർഷകരുടെ പ്രശ്നങ്ങൾ പരിഹാരമില്ലാതെ തുടരുകയാണ്. ഇക്കാര്യത്തിൽ ഇടതുപക്ഷ സർക്കാർ കാര്യക്ഷമമായി ഇടപെടൽ നടത്തുമെന്നു പ്രതീക്ഷിക്കുന്നു.

പുതിയ സർക്കാരിന്റെ ക്രിയാത്മകവും ജനോപകാരപ്രദവുമായ നടപടികൾക്ക് കത്തോലിക്കാസഭ പിന്തുണ നല്കും.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ,